(ഇ) പ്രിലിമിനറി പരീക്ഷ എഴുതിയവർക്ക് ഫൈനൽ പരീക്ഷ എഴുതുന്നതിനുവേണ്ട യോഗ്യത നേടുന്നതിനു നിശ്ചയിച്ച മിനിമം മാർക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

82 [2570] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്/അഡ്വക്കേറ്റ് ജനറൽ/പി.എസ്.സി./ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പുകളിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല.

കോളേജ് അദ്ധ്യാപക നിയമനം

83 [2571] ശ്രീ. എ. എൻ. രാജൻബാബു:

„ ഷിബു ബേബി ജോൺ:

„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപക നിയമനം നിർത്തിവച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോളേജ് അദ്ധ്യാപക നിയമനത്തിനായി ഇപ്പോൾ പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്നത് 35 വയസ്സിന് താഴെയുള്ളവരുടേതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ നിലപാട് മൂലം സംസ്ഥാനത്ത് എം.എ., യു.ജി.സി., സെറ്റ് ഇവ പാസ്സായി യോഗ്യതയുള്ള പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ പോലും നൽകാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly